


# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ



## 15. രാഹുൽജി

# സമ്പൂർണ്ണകൃതികൾ: ഭാഗം X

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

15 രാഹുൽജി . . . . . . . . . . . . . . . . . . . . . . . . . . . . . 1
1 ഒരു സ്മരണീയദിനം . . . . . . . . . . 2
2 മഹത്തായ വിനയം . . . . . . . . . . 3

# 15

# രാഹുൽജി

1936 നവംബർ അവസാനത്തിലോ ഡിസംബർ ആദ്യത്തിലോ ആണ്. സാരനാഥിൽ വെച്ച് ബുദ്ധഭിക്ഷുക്കളുടെ ഒരു ലോകസമ്മേളനം നടക്കുകയാണ്. വെളുത്ത തടിച്ച മഞ്ഞവസ്ത്രധാരിയായ ഒരു നാൽപതുകാരൻ പ്രസംഗമണ്ഡപത്തിൽ കയറി നിൽക്കുന്നു. ശ്രോതാക്കളുടെ മുഖത്ത് അത്ഭുതവും ഭക്തിയും കളിയാടുന്നു. അദ്ദേഹം ബൗദ്ധദർശനത്തിന്റെ അഗാധതകളിൽ നിന്ന് വിലപിടിച്ച മുത്തുമണികൾ പൊക്കിയെടുത്ത് ജനങ്ങളുടെ ഹൃദയങ്ങളുടെ നേർക്കെറിഞ്ഞുകൊണ്ടിരിക്കുകയാണ്. ആ നീണ്ട പ്രസംഗത്തിന്റെ അവസാനഭാഗം എനിക്കിപ്പോഴും ഓർമ്മയുണ്ട്, ബുദ്ധന്റെ അനുയായികൾ സാധാരണക്കാരായ ജനങ്ങളിൽ നിന്നകന്നു ജീവിക്കരുത്. അവരുടെ സുഖദുഃഖങ്ങളിലും സമരങ്ങളിലും പങ്കുകൊള്ളണം.

അടുത്തൊരു ദിവസം കാശിയിലെ ഹിന്ദുയൂണിവേഴ്സിറ്റിയിൽ വെച്ച് ചെയ്ത ഒരു പ്രസംഗത്തിൽ തന്റെ ഈ ആശയം അദ്ദേഹം കുറച്ചുകൂടി വ്യക്തമാക്കി. ബുദ്ധമതതത്ത്വങ്ങളിൽ പാണ്ഡിത്യം നേടാനുള്ള പരിശ്രമങ്ങളിലൂടെ താനൊരു മാർക്സിസ്റ്റായി മാറിയതെങ്ങിനെയെന്ന് അദ്ദേഹം വെളിപ്പെടുത്തി.

മഹാപണ്ഡിതൻ ത്രിപടകാചാര്യ രാഹുൽ സംകൃത്യയൻ എന്ന പേരിലാണ് അദ്ദേഹം ഇന്ത്യയിലും സാർവ്വദേശീയ പണ്ഡിതന്മാർക്കിടയിലും പ്രസിദ്ധനായിത്തീർന്നത്. പക്ഷേ, അദ്ദേഹത്തിന്റെ കുട്ടിക്കാലത്തെ പേർ കേദാർനാഥ് പാണ്ഡെ എന്നാണ്. കുട്ടിക്കാലത്തുതന്നെ പട്ടിണിയും കഷ്ടപ്പാടും സങ്കുചിതത്വങ്ങളും നിസ്സാരതകളും നിറഞ്ഞ ചുറ്റുപാടുകളിൽ അദ്ദേഹത്തിന് അസംതൃപ്തി തോന്നി. പതിനാറാമത്തെ വയസ്സിൽ “ഏകശ്ലോകേന്ദ്ര വക്ഷ്യാമി, യദുക്ക് ഗ്രന്ഥകോടഭീഃ, ബ്രഹ്മസത്യം ജഗന്മിത്ഥ്യാജീവോ ബ്രഹ്മൈമേവ്വപരഃ” എന്ന ശ്ലോകം തന്നെ ആകർഷിച്ചതെങ്ങിനെയെന്ന് അദ്ദേഹം തന്റെ ആത്മകഥയിൽ പ്രസ്താവിക്കുന്നുണ്ട്. കാശിയിൽ താമസിച്ച് കൂടുതൽ ഗഹനമായ പഠനം നടത്തുകയും ഇന്ത്യയുടെ വിവിധഭാഗങ്ങളിലും ഹിമാലയത്തിലും മറ്റും ചുറ്റിസഞ്ചരിക്കുകയും ചെയ്തതിനുശേഷം ജഗത്മിഥ്യയല്ലെന്ന് അദ്ദേഹത്തിനു ബോധ്യമായി. ജനങ്ങളുടെ അഭിലാഷങ്ങളിൽ നിന്നും സമരങ്ങളിൽ നിന്നും ഒഴിഞ്ഞുമാറിനിൽക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഒന്നാം ലോകമഹായുദ്ധവും അതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളും അദ്ദേഹത്തിൽ വമ്പിച്ച മാറ്റങ്ങളുണ്ടാക്കി. ജാലിയൻവാലാബാഗും മാർഷൽലായും മറ്റു സാമ്രാജ്യത്വമർദ്ദനങ്ങളും അദ്ദേഹത്തെ ഒരു പ്രക്ഷോഭകനാക്കിമാറ്റി. ഏറെ കഴിയുന്നതിനുമുമ്പ് അറസ്റ്റ് ചെയ്യപ്പെട്ടു. ആറുമാസത്തേ ജയിൽശിക്ഷയ്ക്കു ശേഷം 1922 ന്റെ അവസാനത്തിൽ പുറത്തുവന്നു. കുറേ മാസങ്ങളോളം ജില്ലാ കോൺഗ്രസ്സുകമ്മിറ്റി സെക്രട്ടറിയായും സംസ്ഥാന കോൺഗ്രസ്സ് കമ്മിറ്റിയംഗമായും പ്രവർത്തിച്ചു. വീണ്ടും അറസ്റ്റ്. രണ്ടുകൊല്ലത്തെ തടവ്. 1925 ലാണ് വിമുക്തനായത്.

ജയിലിലായിരുന്നപ്പോൾ അദ്ദേഹം വളരെയധികം വായിക്കുകയും ഏതാനും പുസ്തകങ്ങളെഴുതുകയും ചെയ്തു. എന്നിട്ടും തൃപ്തിയായില്ല. ഒരു സത്യാന്വേഷകനെന്ന നിലയിൽ വീണ്ടും ഹിമാലയത്തിലേക്കു പോയി. അതിനു ശേഷമാണദ്ദേഹം ഒരു ബുദ്ധമതപണ്ഡിതനായത്. നേപ്പാൾ, തിബത്ത്, കൊറിയ, ജപ്പാൻ, ചൈന, സിലോൺ, ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ്, അഫ്ഗാനിസ്ഥാൻ, സോവിയറ്റു യൂണിയൻ, ലഡാക്ക് തുടങ്ങിയ ഒട്ടു വളരെ രാജ്യങ്ങളിൽ അദ്ദേഹം ചുറ്റിസഞ്ചരിച്ചു. 1936-ൽ ഇന്ത്യയിൽ മടങ്ങിയെത്തിയത് ഒരു മാർക്സിസ്റ്റ് പണ്ഡിതനായിട്ടാണ്. 1933-ൽ സോവിയറ്റു യൂണിയനും തിബത്തും സന്ദർശിച്ചു മടങ്ങിയെത്തിയ ഉടനെ അദ്ദേഹം കിസാൻസഭാ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ തുടങ്ങി. സഹജാനന്ദസരസ്വതി, കാര്യാനന്ദശർമ്മ മുതലായ മറ്റു നേതാക്കന്മാരുമൊന്നിച്ചു ബീഹാറിൽ സുശക്തമായ ഒരു കർഷകപ്രസ്ഥാനം കെട്ടിപ്പടുക്കാൻ അദ്ദേഹം മുന്നോട്ടുവന്നു. അതിനിടയ്ക്കാണ് റാഞ്ചിയിൽവച്ചുകൂടിയ അഖിലേന്ത്യാ ഹിന്ദിസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത്. അപ്പോഴേക്കും ഒരു കിസാൻസത്യാഗ്രഹം; രാഹുൽജി വീണ്ടും ജയിലിലായി. മൂന്നുമാസത്തെ തടവ്. 330 മണിക്കൂർ നീണ്ടുനിന്ന ഒരു നിരാഹാരസത്യാഗ്രഹം.

## 1 ഒരു സ്മരണീയദിനം

1939 ഒക്ടോബർ 19 തന്റെ ജീവിതത്തിലെ ഒരു സ്മരണീയദിവസമാണെന്ന് രാഹുൽജി എഴുതുന്നു. അന്നാണ് ബീഹാറിലാദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കപ്പെട്ടത്. രാഹുൽജിയായിരുന്നു പാർട്ടിയുടെ സ്ഥാപകന്മാരിലൊരാൾ. ഏറെ കഴിയുന്നതിനുമുമ്പ് അദ്ദേഹം ഒരു തടങ്ങൽതടവുകാരനായി ദേവ്ലി ജയിലിലെത്തി. ജയിലിൽ നിന്നു വിട്ടു വന്നതിനുശേഷം അദ്ദേഹം തന്റെ രാഷ്ട്രീയപ്രവർത്തനങ്ങളിലും സാഹിത്യപ്രവർത്തനങ്ങളിലും വീണ്ടും മുഴുകാൻ തുടങ്ങി.

1947 ആഗസ്റ്റിൽ ഇന്ത്യ സ്വാതന്ത്ര്യം നേടി. 1948-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കൽക്കത്താ പ്രമേയം വന്നു.

ഹിന്ദിഭാഷയോടുള്ള സമീപനത്തെ സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയും രാഹുൽജിയും തമ്മിൽ ഒരഭിപ്രായവ്യത്യാസമുണ്ടായത് ആ കാലത്താണ്. രാഹുൽജി പാർട്ടിയിൽ നിന്നും രാജിവച്ചു. പക്ഷേ, കമ്യൂണിസത്തിലും മാർക്സിസത്തിലുമുള്ള വിശ്വാസമുപേക്ഷിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. നാലു കൊല്ലങ്ങൾക്കുമുമ്പ് 'മധ്യ ഏഷ്യാ കാ ഇതിഹാസ്' എന്ന ഗ്രന്ഥത്തിന് സാഹിത്യ അക്കാദമിയുടെ സമ്മാനം നേടിയതിൽ അദ്ദേഹത്തെ അനുമോദിക്കാൻവേണ്ടി ദൽഹിയിൽ വെച്ചുകൂടിയ ഒരു കമ്മ്യൂണിസ്റ്റ് യോഗത്തിൽവച്ച് ഇക്കാര്യം അദ്ദേഹം ഊന്നിപ്പറയുകയുണ്ടായി.

മുപ്പതിലധികം ഭാഷകളിൽ സാമാന്യജ്ഞാനവും എട്ടുപത്തു ഭാഷകളിൽ വൈദഗ്ധ്യവുമുള്ള ഒരു ഭാഷാപണ്ഡിതനായിരുന്നു രാഹുൽജി. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള മുന്നൂറോളം പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. അവയിൽ പലതും മലയാളമുൾപ്പെടെയുള്ള മറ്റു പല ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ നിരന്തരശ്രമത്തിന്റെ ഫലമായിട്ടാണ് തിബത്തിലേക്കും മറ്റും കൊണ്ടുപോകപ്പെട്ട ഒട്ടനവധി ബുദ്ധമതഗ്രന്ഥങ്ങളും ചരിത്രഗ്രന്ഥങ്ങളും നമുക്കു തിരിച്ചു കിട്ടിയത്. അവയിലുൾപ്പെടുന്ന ചില വിലപിടിച്ച പാലീഗ്രന്ഥങ്ങളെ അദ്ദേഹം സംസ്കൃതത്തിലേക്കും ഹിന്ദിയിലേക്കും പരിഭാഷപ്പെടുത്തുകയുണ്ടായി.

സാഹിത്യത്തിനും വിജ്ഞാനത്തിനും നാട്ടിന്റെ സാമൂഹ്യരാഷ്ട്രീയ പുരോഗതിക്കും ഇത്രയധികം സംഭാവനകൾ നൽകിയ വ്യക്തികൾ വളരെ കുറവാണ്. എന്നിട്ടും, അർഹമായ സ്ഥാനം നൽകി അദ്ദേഹത്തെ മാനിക്കാനും അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന് തക്കതായ അംഗീകരണം നൽകുവാനും കോൺഗ്രസ്സു ഭരണാധികാരികൾ തയ്യാറായില്ല.

അദ്ദേഹത്തിന്റെ ജീവിതത്തിലെ അവസാനവർഷങ്ങൾ സാമ്പത്തികവും ശാരീരികവും മാനസികവുമായ വിഷമതകൾ നിറഞ്ഞവയായിരുന്നു. 1962 ഒക്ടോബറിലൊരു പ്രാവശ്യവും 1963 ജനുവരി മൂന്നാം തീയതി രണ്ടാമതൊരു പ്രാവശ്യവും ഞാനദ്ദേഹത്തെ മോസ്കോവിലെ ഒരാശുപത്രിയിൽ ചെന്ന് കാണുകയുണ്ടായി. ആളുകളെ തിരിച്ചറിയാനും സംസാരിക്കാനുമുള്ള കഴിവുകൾ നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. ഭൂതകാലസംഭവങ്ങളൊന്നുംതന്നെ ഓർമ്മിക്കാൻ കഴിഞ്ഞിരുന്നില്ല. പത്നി കമല അടുത്തിരുന്നു ശുശ്രൂഷിക്കുന്നുണ്ടായിരുന്നു. രണ്ടു ചെറിയ കുട്ടികൾ ഇന്ത്യയിലായിരുന്നു. കൂട്ടത്തിൽ പറയട്ടെ, കമല ആദ്യത്തെ ഭാര്യയല്ല, ലെനിൻഗ്രാഡിൽ വച്ച് 1939-ൽ അദ്ദേഹം ഒരു റഷ്യൻ സ്ത്രീയെ വിവാഹം കഴിക്കുകയുണ്ടായി. അവരിൽ ഗ്രിഗോർ എന്ന ഒരു പുത്രനും ജനിച്ചു. ഗ്രിഗോറിന് ഇപ്പോൾ 22 വയസ്സ് പ്രായമുണ്ടാവും. രണ്ടാംലോകമഹായുദ്ധമവസാനിച്ചതിനുശേഷം ലെനിൻഗ്രാഡിലുള്ള പത്നിയേയും പുത്രനേയും കാണാൻ അദ്ദേഹം പരിശ്രമിച്ചുനോക്കി. പക്ഷേ, സാധിച്ചില്ല. രാഷ്ട്രീയമായ കുഴപ്പങ്ങൾ മൂർച്ഛിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. ഇനിയൊരിക്കലും അവരെ കാണാൻ കഴിയില്ലെന്ന് അദ്ദേഹം വിശ്വസിച്ചുപോയി. അങ്ങനെയിരിക്കുമ്പോഴാണ് കമലയെ വിവാഹം കഴിച്ചത്.

## 2 മഹത്തായ വിനയം

രാഹുൽജി ഏറ്റവുമധികം അറിയപ്പെട്ടിരുന്നത് ഒരു മഹാപണ്ഡിതനെന്ന നിലയ്ക്കാണ്. പക്ഷേ, അത്രത്തോളംതന്നെ അദ്ദേഹത്തിന്റെ വിനയശീലവും വലുതായിരുന്നു. ഒരു കുട്ടിയുടേതുപോലെ നിഷ്കളങ്കമായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. ഓർമ്മശക്തി നശിക്കുന്നതുവരെ അദ്ദേഹം തന്റെ ആദർശങ്ങളിൽ ഉറച്ചു നിന്നിട്ടുണ്ട്. കമ്മ്യൂണിസ്റ്റു പാർട്ടി ചെയർമാൻ എസ്. എ ഡാങ്കേ ഏപ്രിൽ 15-ാം തീയതി കമലാസാംകൃത്യായനനയച്ച ഒരു കമ്പിസന്ദേശത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ 'രാഹുൽജിയുടെ പാണ്ഡിത്യവും സാഹിത്യപ്രതിഭയും മാർക്സിസം ലെനിനിസത്തോടും സോഷ്യലിസമെന്ന ലക്ഷ്യത്തോടും ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തോടുമുള്ള അദ്ദേഹത്തിന്റെ കൂറും എല്ലാം അദ്ദേഹത്തെ നമ്മുടെ കാലത്തിലെ ഒരു ഉന്നതവ്യക്തിയാക്കിത്തീർത്തിരിക്കുന്നു. രാഹുൽജിയുടെയും പേരും അദ്ദേഹത്തിന്റെ സാഹിത്യകൃതികളും ജനങ്ങൾക്കു വേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രവർത്തികളും എന്നെന്നും ജീവിക്കുന്നവയാണ്.

നവയുഗം 27-4-1963

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 10

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും
2. മാർക്സിസവും വർഗ്ഗസമരവും
3. മാർക്സിസവും മതവും
4. ചരിത്രപരമായ ഭൗതികവാദം
5. ലക്ഷ്യങ്ങളും മാർഗങ്ങളും
6. സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?
7. കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ
8. നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ
9. ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം
10. ഒരു ഇന്ത്യൻ കമ്യൂണിസ്റ്റിന്റെ ഓർമക്കുറിപ്പ്
11. ശ്രീശങ്കരൻ ഹെഗൽ മാർക്സ്
12. വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം
13. ജോർജ്ജ് ലൂക്കാച്ച്
14. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
15. രാഹുൽജി
16. ശ്രീനാരായണഗുരു


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10